MALAYALAM

# HYMN-BOOK

# ക്രിസ്തീയഗീതങ്ങൾ

Seventh Revised Edition, 5000 Copies.

ഞാൻ ഉള്ള നാൾ ഒക്കയും യഹോവെക്കു സ്തുതിപാടും.
സങ്കീൎത്തനം ൧൪൬, ൨.

MANGALORE
BASEL MISSION BOOK AND TRACT DEPOSITORY
1898

PRINTED AT THE BASEL MISSION PRESS, MANGALORE.

# അടക്കം.


| | | പാട്ടു. |
|---|---|---|
| 1. | ഞായറാഴ്ചപ്പാട്ടുകൾ | 1—16 |
| 2. | മശീഹാഗമനം | 17—21 |
| 3. | യേശു ജനനാദി | 22—41 |
| 4. | യേശു കഷ്ടമരണങ്ങൾ | 42—58 |
| 5. | യേശു പുനരുത്ഥാനം | 59—65 |
| 6. | യേശു സ്വർഗ്ഗാരോഹണം | 66—68 |
| 7. | പെന്തെകോസ്ത് | 69—72 |
| 8. | സഭാഗീതങ്ങൾ | 73—81 |
| 9. | തിരുസ്നാനം | 82—84 |
| 10. | സ്ഥിരീകരണം | 85—88 |
| 11. | തിരുവത്താഴം | 89—94 |
| 12. | മാനസാന്തരം | 95—100 |
| 13. | രക്ഷാഗീതങ്ങൾ | 101—120 |
| 14. | സ്തുതികൾ | 121—135 |
| 15. | പ്രതിജ്ഞകൾ | 136—146 |
| 16. | പ്രാർത്ഥനകൾ | 147—159 |
| 17. | യേശുവോടെ യോഗം | 160—176 |
| 18. | ദിവ്യസമാധാനം | 177—182 |
| 19. | ആശ്വാസഗീതങ്ങൾ | 183—194 |
| 20. | യാത്രാപ്രബോധനങ്ങൾ | 195—210 |
| 21. | കാലഗീതങ്ങൾ | |
| | A. സന്ധ്യകളിൽ | 211—219 |
| | B. ഭക്ഷണത്തിങ്കൽ | 220—223 |
| | C. വർഷാരംഭാദികാലമാററത്തിങ്കൽ | 224—227 |

# 1. ഞായറാഴ്ചപാട്ടുകൾ.

## LORD'S DAY.

### ൧.

Allein Gott in der Höh sei. 122.

൧. അത്യുന്നതന്നത്രെ സ്തുതി,
അവൻ കൃപെക്കു സ്തോത്രം!
നാമല്ലോ ഇഷ്ടസന്തതി,
പ്രസാദം വന്ന ഗോത്രം;
കഴിഞ്ഞു തേ പഴയ പോർ,
നാം ആപത്തിന്നു തെററിയോർ;
നിറഞ്ഞു സമാധാനം.

൨. പിതാവേ, നിന്റെ ശക്തിയും
തേജസ്സും ഞങ്ങൾ ഇന്നു
പുകണ്ണു വാഴ്ത്തി കുമ്പിടും
നിന്തിരുമുമ്പിൽനിന്നു;
മാറാത്തു നിന്റെ രാജത്വം,
നടക്കുന്നുണ്ടു നിൻ ഹിതം;
മതി ഈ നല്ല നാഥൻ.

൩. ഹാ യേശു ക്രിസ്തു, വാഴക,
സ്വൎഗ്ഗസ്ഥനേകജാതൻ!
നശിച്ചവൎക്കു നീ തുണ,
നിന്നാലിണങ്ങി താതൻ;

ദരിദ്രക്കൂട്ടം കേൾക്കേണം,
കനിഞ്ഞുകൊൾക നിൻജനം,
വിശുദ്ധമാം കുഞ്ഞാടേ!

൭. സഭെക്ക വേണ്ടും കാൎയ്യസ്ഥൻ
സദാത്മാ, നീയേ മാത്രം;
അതിനിമേലിൽ മുഴവൻ
ആസ്തീരക നിൻ പാത്രം.
നീ യേശുവെ വിളങ്ങിച്ചും,
പിശാചിനോടു പൊരുതും,
ഈ തേറിയോരിൽ വാഴ്ക!

*H. G.*

---

## ൨.

**Herr Jesu Christ, dich zu uns wend. (L. M.) 33.**

൧. ഈ അന്ധകാരകാലത്തിൽ
നടുവിൽ പാൎക്ക, യേശുവേ;
വെളിച്ചവാക്ക സഭയിൽ
ദിനേന നീ നല്കേണമേ.

൨. നീ എന്നിയേ ഈ ലോകത്തുൾ
നിൻ കൂട്ടം മേയ്പാൻ ആരുണ്ടാം?
വിശുദ്ധവചനപ്പൊരുൾ
ഏകേണമേ അവൎക്കെല്ലാം.

൩. പിശാചിൻ ഉഗ്രകൈകളിൽ
ഉൾപ്പെട്ടതേ വിടീക്കഹോ;
അററന്നു ക്രിസ്തഭക്തരിൽ
ഒരവകാശം ഇല്ലല്ലോ!